മി. സ്പീക്കർ : മറുപടി അടുത്ത ദിവസം പറയുന്നതാണ്.

(16) മൂവാറ്റുപുഴയിൽ കാർഷിക വിപണന മാർക്കറ്റ് തുറന്നുപ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ മൂവാറ്റുപുഴയിൽ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ ധനസഹായത്തോടുകൂടി ഒരു കാർഷിക വിപണന മാർക്കറ്റ് 1992-ൽ പ്രവർത്തനമാരംഭിച്ച് 1997-ൽ പണി പൂർത്തീകരിച്ചതാണ്. അതിനുശേഷം നിരവധി പ്രാവശ്യം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബഹു. കൃഷി വകുപ്പു മന്ത്രി 1999 ജൂൺ 7-ന് മൂവാറ്റുപുഴയിൽ വന്ന് വലിയ ആഘോഷ പരിപാടികളോടുകൂടി ആ കാർഷിക വിപണമാർക്കറ്റിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയുണ്ടായി. അന്ന് അദ്ദേഹം ആ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞത് നാളെ മുതൽ ഈ മേഖലയിലുള്ള കൃഷിക്കാർക്ക് പ്രയോജനമുണ്ടാകത്തക്കവിധത്തിൽ കാർഷിക വിപണന മാർക്കറ്റ് ഇവിടെ പ്രവർത്തനമാരംഭിക്കുമെന്നാണ്. കോടിക്കണക്കിന് രൂപ മുതൽ മുടക്കി കേരളത്തിൽ ആറ് കാർഷിക വിപണന മാർക്കറ്റുകൾ സംസ്ഥാന സർക്കാർ ഇതിനോടകം ഇ.ഇ.സി. യുടെ ധനസഹായത്തോടുകൂടി പണി പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഒരൊറ്റ മാർക്കറ്റ് പോലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 1999 ജൂൺ മാസം 7-ാം തീയതി പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത മൂവാറ്റുപുഴ മാർക്കറ്റ് 9-ാം തീയതി മുതൽ പ്രവർത്തിക്കുമെന്ന് ബഹു. മന്ത്രി പറഞ്ഞിരുന്നുവെങ്കിലും 8 മാസങ്ങൾ പിന്നിട്ടിട്ട് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. തകർന്നടിഞ്ഞുകിടക്കുന്ന കാർഷിക മേഖലയുമായി നാണ്യ വിളകൾക്ക് വിലയില്ലാതായിരിക്കുന്ന ഈ കാലത്ത് കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾ അവിടെ കൊണ്ടുപോയി വിപണനം നടത്തിയാൽ എന്തെങ്കിലും സമാശ്വാസം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്ന കൃഷിക്കാർ നിരാശയുടെ പടുകുഴിയിലാണ്. മൂവാറ്റുപുഴയിലും പരിസരത്തുമുള്ള കൃഷിക്കാർ ആകെത്തന്നെ സമരത്തിന്റെ പാതയിലാണ്. കോടികൾ മുടക്കി അവിടെ പണി പൂർത്തീകരിച്ചിട്ടിരിക്കുന്ന ആ കാർഷിക വിപണന മാർക്കറ്റ് അടിയന്തിരമായി തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് ബഹു. മന്ത്രിയോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി നിർമ്മാണം പൂർത്തീകരിച്ചതാണ് ആ മാർക്കറ്റ്. ഓരോ മാർക്കറ്റിനും ഓരോ മാർക്കറ്റിംഗ് അതോറിറ്റി രൂപീകരിച്ചിരിക്കുകയാണ്. മാർക്കറ്റിംഗ് അതോറിറ്റി എന്നുപറയുന്നത് എറണാകുളം ജില്ലാ കളക്ടർ ചെയർമാനും കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സെക്രട്ടറിയുമായുള്ളതാണ്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞെങ്കിലും മാർക്കറ്റ് ഈ അതോറിറ്റിയെ ഏൽപ്പിച്ചുകൊടുക്കാനായി ചെറിയ കാലതാമസമുണ്ടായി. അത് ഗവൺമെന്റല്ല. ഇപ്പോൾ അതോറിറ്റിയെ ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്. അതോറിറ്റി അത് തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ സംവിധാനങ്ങളെക്കുറിച്ചു കൂടി പരിശോധിച്ചു വരികയാണ്. ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് അതോറിറ്റിയുടെ നേതൃത്വത്തിൽ മാർക്കറ്റ് തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിനെ അറിയിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly